പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 339

29/06/2016 ൽ

മറുപടിക്ക്

## മലബാർ സിമന്റ്സിന്റെ പ്രവർത്തനങ്ങൾ

ചോദ്യം

ശ്രീ.റ്റി.വി.രാജേഷ് ;
ശ്രീ.കെ. ബാബു ;
ശ്രീ.യു. ആർ. പ്രദീപ് ;
ശ്രീ. എ.എം. ആരിഫ്

മറുപടി

ശ്രീ. ഇ.പി.ജയരാജൻ
(വ്യവസായവും സ്പോർട്സും വകുപ്പ് മന്ത്രി)

എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സിന്റെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

എ) വിശദമായി വിലയിരുത്തേണ്ടതായിട്ടുണ്ട്.

ബി) മുൻ സർക്കാരിന്റെ കാലത്ത് (2012-13 മുതൽ 2015-16) ഓരോ വർഷത്തെയും കമ്പനിയുടെ വിറ്റുവരവും ലാഭവും എത്രയെന്ന് അറിയിക്കാമോ;

ബി) മലബാർ സിമന്റ്സിന്റെ 2012-13 മുതൽ 2015-16 വരെ ഓരോ വർഷത്തെയും വിറ്റുവരവും ലാഭവും ചുവടെ ചേർക്കുന്നു.

(Rs.in lakhs)

| Particulars | 2012-13 | 2013-14 | 2014-15 | 2015-16 (Prov) |
|---|---|---|---|---|
| Gross Turnover (with Tax & Excise Duty) | 29406.17 | 27308.11 | 35205.52 | 45163.09 |
| Turnover (without Tax & Excise Duty) | 22208.41 | 20311.98 | 26177.75 | 33888.64 |
| Profit before Tax, CSR & extra ordinary provisions | 4872.96 | 935.63 | 1987.35 | 3933.08 |

കഴിഞ്ഞ രണ്ടു വർഷവും കമ്പനിയുടെ വിറ്റുവരവിൽ ശരാശരി 15% വർദ്ധനവുണ്ടായിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | ഫ്ലൈ ആഷ് വാങ്ങിയതിലും ക്ലിങ്കർ ഇറക്കുമതി ചെയ്തതിലും അതിനായി വെല്ലിംഗ്ടൺ ഐലന്റിൽ സ്ഥലമെടുത്തതിലും നടന്ന അഴിമതിയെക്കുറിച്ച് അന്വേഷണം നടത്തുമോയെന്ന് വെളിപ്പെടുത്താമോ; | സി) | മലബാർ സിമന്റ്സ് ലിമിറ്റഡിൽ മുൻകാല വർഷങ്ങളിൽ ഫ്ലൈ ആഷ് വാങ്ങിയതിനെക്കുറിച്ചുള്ള കേസുകൾ വിജിലൻസ് കോടതിയുടെ പരിഗണനയിലാണ്. കരാർ വ്യവസ്ഥ തെറ്റിച്ചതിലുള്ള 18 കോടിയിൽപ്പരം രൂപ സംബന്ധിച്ചുള്ള റിക്കവറി സ്യൂട്ട് ഉത്തുക്കടി സബ് കോടതിയിലുണ്ട്. ക്ലിങ്കർ വാങ്ങിയതിൽ അഴിമതി ഉള്ളതായി ആഡിറ്റ് കമ്മിറ്റിയും എം.സി.എൽ. ബോർഡും C&AG യും പരാമർശിച്ചിട്ടില്ല. അത്തരത്തിലുള്ള പരാമർശം വന്നാൽ അന്വേഷണം നടത്താവുന്നതാണ്. |
| ഡി) | മാനേജ്മെന്റിന്റെ ധൂർത്തും, പിടിപ്പുകേടും കമ്പനിയെ തകർക്കുമെന്ന തൊഴിലാളികളുടെ ആരോപണത്തെ ഗൗരവമായി കാണുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | ഡി) | പരാതി ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. മാനേജ്മെന്റിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് തൊഴിലാളികളിൽ നിന്നും ഉയർന്നുവന്ന ആരോപണം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ